**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1124** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>അണ്ടത്തോട്, കറുകമാട് പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ഗുരുവായൂർ മണ്ഡലത്തിലെ അണ്ടത്തോട്, കറുകമാട് പാലങ്ങളുടെ നിർമ്മാണത്തിന് പാലം വിഭാഗത്തിന്റെ ചീഫ് എഞ്ചിനീയർ വിശദമായ എസ്റ്റിമേറ്റ്, ഡിസൈൻ, അനുബന്ധരേഖകൾ എന്നിവ സഹിതം സർക്കാരിന് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** അണ്ടത്തോട് പാലം പുനഃ നിർമ്മാണപ്രവൃത്തിക്കായി 2022-23 ബഡ്ജറ്റിൽ ₹100 രൂപ ടോക്കൺ പ്രൊവിഷൻ ആണ് വകയിരുത്തിയിരുന്നത്. ടി പ്രവൃത്തിക്കായി DSoR 2018 നിരക്കിൽ ₹4350 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിക്കായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശിപാർശ ഡെഫർ ചെയ്തിട്ടുള്ളതാണ്.

കറുകമാട് പാലം പുനഃ നിർമ്മാണപ്രവൃത്തിക്കായി DSOR 2021 നിരക്കിൽ ₹1502 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിക്കായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിക്കുകയും, span arrangement, retaining wall - ന്റെ ഉയരം തുടങ്ങിയവ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുകയും, ആയതിനു അനുസൃതമായി പുതിയ ശിപാർശ സമർപ്പിക്കുവാനും ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**